19/1/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 343*(2)/2022*/*എസ്.ഐ.സി***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **6181**/*എസ്.ഐ.സി-ജി 6/22*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ.കെ.രതീഷ് കുമാർ,**
**ശിവകൃപ, വയണാമൂല,**
**ആയൂർ പി.ഒ., പിൻ – 691 533.** } **അപ്പീൽ ഹർജിക്കാരൻ**

**Vs**

1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&**
**ഹെഡ് ക്ലാർക്ക്,**
**ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത് കാര്യാലയം,**
**ഉമ്മന്നൂർ പി.ഒ., കൊല്ലം – 691 533.**

2. **അപ്പീൽ അധികാരി&**
**സീനിയർ സൂപ്രണ്ട്,**
**പെർഫോമൻസ് ആഡിറ്റ് യൂണിറ്റ്–2,**
**കൊട്ടാരക്കര.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 10.02.2022 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 22.02.2022 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 14.03.2022 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 30.03.2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 19.04.2022 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 21.04.2022 |
| ഹിയറിംഗ് നടന്ന തീയതി | 12.12.2022, കൊല്ലം കളക്ടറേറ്റ് കോൺഫറൻസ് ഹാൾ |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

**അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ലെന്നാണ്.**

2. അപ്പീൽ ഹർജിക്കാരൻ 10.02.2022ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) 09.02.2022ൽ ഉമ്മന്നൂർ പഞ്ചായത്ത്, കമ്പംകോട് വാർഡ് ചൂലാപാലം വയണാംമൂല–കൊച്ചുകുന്നിൻപുറം–റോഡിന്റെ അളവുകൾ പരിശോധിക്കുന്നതായി കണ്ടുവെന്നും ടി അളവുകൾ പരിശോധിച്ച ഉദ്യോഗസ്ഥരുടെ പേരും തസ്തികയും ഔദ്യോഗിക വിലാസവും ലഭ്യമാക്കണമെന്നും

2) ടി പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കണമെന്നുമാണ്.

ആയതിന് 22.02.2022ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്,

1) രാജു എം, സെക്രട്ടറി, ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത്, ബിനുമോൻ എൻ., ഹെഡ് ക്ലാർക്ക്, ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത്, മണികണ്ഠൻപിള്ള, ഓവർസിയർ ഗ്രേഡ്–2, എൽ.ഐ.ഡി& ഇ.ഡബ്ല്യിയു. ഉമ്മന്നൂർ ഗ്രാമപഞ്ചായത്ത്,

2) പരിശോധനാ റിപ്പോർട്ട് ഇല്ലെന്നാണ്.

ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 30.03.2022ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഉമ്മന്നൂർ ഗ്രാമപഞ്ചായത്തിലെ കമ്പംകോട് വാർഡിൽ ചൂലാപാലം–വയണാമൂല–കൊച്ചു കുന്നുംപുറം റോഡിന്റെ അളവുകൾ പരിശോധിച്ചത് സംബന്ധിച്ച വിവരം ലഭിക്കുന്നതിലേക്കായി ടി ഗ്രാമപഞ്ചായത്ത് എസ്.പി.ഐ.ഒ. മുമ്പാകെ വിവരാവകാശ നിയമം 6(1) വകുപ്പ് പ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ ലഭിച്ച മറുപടിയിൽ ആക്ഷേപം ഉന്നയിച്ചുകൊണ്ട് ഹർജിക്കാരൻ സമർപ്പിച്ച അപ്പീൽ ഹർജിയുടെ അടിസ്ഥാനത്തിൽ ഉമ്മന്നൂർ ഗ്രാമപഞ്ചായത്തിലെ എസ്.പി.ഐ.ഒ.യിൽ നിന്ന് വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടതിൻ പ്രകാരം റിപ്പോർട്ട് ഹാജരാക്കിയിട്ടുണ്ടെന്നാണ്.

ടി അപ്പീൽ അപേക്ഷയിന്മേൽ എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്മേൽ പ്രസ്താവിച്ചിരിക്കുന്നത്, ഉമ്മന്നൂർ ഗ്രാമപഞ്ചായത്തിലെ കമ്പംകോട് വാർഡിൽ ചൂലാംപാലം–വയണാമൂല–കൊച്ചുകുന്നുംപുറം റോഡിൽ 09.02.2022ൽ സെക്രട്ടറി സ്ഥലസന്ദർശനം നടത്തിയിരുന്നതായും സെക്രട്ടറിയുടെ നിർദ്ദേശാനുസരണം ഗ്രാമപഞ്ചായത്തിലെ ഹെഡ്ക്ലാർക്ക്, ഓവർസി

യർ ഗ്രേഡ്–2, എൽ.ഐ.ഡി&ഇ.ഡബ്ല്യു എന്നിവരും ടി സന്ദർശനത്തിൽ പങ്കെടുത്തിരുന്നതായും ടി റോഡിന്റെ നിലവിലെ സ്ഥിതിയും റോഡിന്റെ അളവുകളും ബോദ്ധ്യപ്പെടുന്നതിന് വേണ്ടിയായിരുന്നുവെന്നും അല്ലാതെ യൊരു പ്രത്യേക റിപ്പോർട്ട് ഉണ്ടാക്കുന്നതിനോ മറ്റു ഓഫീസുകളിലോ സമർപ്പിക്കുന്നതിനോ വേണ്ടിയായിരുന്നില്ല ടി സന്ദർശനം നടത്തിയതെന്ന് എസ്.പി.ഐ.ഒ. അറിയിച്ചു. റോഡിന്റെ സ്ഥിതി ബോദ്ധ്യപ്പെട്ടു മനസ്സിലാ ക്കുക എന്ന ഉദ്ദേശ്യമാകയാൽ പരിശോധനാ റിപ്പോർട്ടോ മറ്റേതെങ്കിലും റിപ്പോർട്ടോ തയ്യാറാക്കിയിട്ടില്ല എന്നും ഓഫീസിൽ ലഭ്യമല്ലാത്ത റിപ്പോർട്ട് വിവരാവകാശ നിയമപ്രകാരം എസ്.പി.ഐ.ഒ.യ്ക്ക് നൽകാൻ സാധിക്കില്ല എന്നും അറിയിച്ചു. സെക്ഷൻ 3 പ്രകാരം വിവരത്തിനുള്ള അവകാശം നിര സിക്കുകയോ ഹനിക്കുകയോ ചെയ്തിട്ടില്ലെന്നും അപേക്ഷയിലെ രണ്ടു ചോദ്യങ്ങൾക്കും സത്യസന്ധമായും കൃത്യമായും വിവരം നൽകിയിട്ടു ണ്ടെന്നും വിവരാവകാശ നിയമം 2005 പ്രകാരം വിവരം എന്നത്കൊണ്ട് വിവക്ഷിക്കുന്ന ഒരു മാർഗ്ഗത്തിലും അപേക്ഷകൻ ആവശ്യപ്പെട്ട രേഖ ഉമ്മന്നൂർ ഗ്രാമപഞ്ചാത്തിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാലാണ് പരിശോധനാ റിപ്പോർട്ട് ഇല്ല എന്ന മറുപടി നൽകിയിട്ടുള്ളതെന്നും കൃത്യവിലോപം നടത്തി എന്ന് അപ്പീൽ വാദി സൂചിപ്പിക്കുന്നത് അടിസ്ഥാനരഹിതമാണെ ന്നാണ് എസ്.പി.ഐ.ഒ. ബോധിപ്പിച്ചതെന്നുമാണ്.

ഹർജിക്കാരന്റെ അപേക്ഷയിലെ ചോദ്യം 2ന് റിപ്പോർട്ടില്ല എന്നാണ് മറുപടി നൽകിയിരിക്കുന്നതെന്നും ടി മറുപടി വിശ്വസിക്കാൻ കഴിയാ ത്തതും ആയത് നൽകാത്തത് വിവരാവകാശ നിയമത്തിന്റെ ലംഘനമാണെ ന്നുമാണ് അപ്പീൽ വാദി ആരോപിക്കുന്നത്. വിവരാവകാശ നിയമം 3–ാം വകുപ്പ് പ്രകാരം അറിയാനുള്ള പൗരന്റെ അധികാരത്തെ ഹനിക്കത്തക്കതര ത്തിൽ എസ്.പി.ഐ.ഒ. പ്രവർത്തിച്ചതെന്നും അപേക്ഷയിൽ ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കണമെന്നുമാണ് ടിയാൻ ഉന്നയിക്കുന്നത്.

അപ്പീൽ അപേക്ഷ, എസ്.പി.ഐ.ഒ.യുടെ റിപ്പോർട്ട് എന്നിവ പരിശോ ധിച്ചതിൽ അപേക്ഷയിലെ 1–ാം ചോദ്യത്തിന് നൽകിയ മറുപടിയിൽ ആക്ഷേപം ഉന്നയിച്ചിട്ടില്ലെന്നും രണ്ടാം ചോദ്യത്തിൽ ആവശ്യപ്പെട്ട പരിശോ ധനാ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമല്ലാത്തതിനാൽ ആയതിന് പരിശോധനാ റിപ്പോർട്ടില്ല എന്നു മറുപടി നൽകിയെന്നാണ്. ടി റോഡിന്റെ നിലവിലെ

സ്ഥിതിയും റോഡിന്റെ അളവുകളും ബോദ്ധ്യപ്പെടുത്തുന്നതിന് വേണ്ടി സെക്രട്ടറിയുടെ നിർദ്ദേശാനുസരണം ഗ്രാമപഞ്ചായത്തിലെ സെക്രട്ടറി, ഹെഡ്ക്ലാർക്ക്, ഓവർസിയർ ഗ്രേഡ്-2, എൽ.ഐ.ഡി&ഇ.ഡബ്ല്യു എന്നിവർ റോഡ് സന്ദർശിച്ചതായും പരിശോധനാ റിപ്പോർട്ടോ മറ്റേതെങ്കിലും റിപ്പോർട്ടോ തയ്യാറാക്കിയിട്ടില്ലെന്ന് എസ്.പി.ഐ.ഒ. അറിയിച്ചിട്ടുണ്ടെന്നാണ്. ആയതിനാൽ ടി മറുപടി തൃപ്തികരമാണെന്ന് കണ്ട് അപ്പീൽ തീർപ്പാക്കി ഉത്തരവായെന്നുമാണ്.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരു കക്ഷികളെയും കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജി ക്കാരന് തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ലെന്നാണ് ടിയാൻ കമ്മീഷൻ മുമ്പാകെ ഉന്നയിച്ചിരിക്കുന്ന ആക്ഷേപം. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ ഹർജിക്കാരന്റെ അപേക്ഷയിലെ രണ്ടാമത്തെ ചോദ്യ ത്തിന് വ്യക്തമായ മറുപടി 13.12.2022നുതന്നെ നൽകണമെന്നു കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിയതുപ്രകാരം പ്രസ്തുത തീയതിയിൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്ന ത്, 12.12.2022ലെ ഹിയറിംഗിൽ കമ്മീഷന്റെ നിർദ്ദേശ പ്രകാരം ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്നാണ്.

4. മേൽപ്പടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ഡിസംബർ 30-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/